28/01/22

DESPATCHED On..3.2.2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 985(2)/2020/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 6309/എസ്.ഐ.സി-ജി 6/2020)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വല്ലത്ത് മുകുന്ദ മേനോൻ,
രാധു വിഹാർ,
അയ്യന്തോൾ,
തൃശ്ശൂർ – 680 003.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് (ഭരണ വിഭാഗം), ജില്ലാ പോലീസ് ഓഫീസ്, തൃശ്ശൂർ.
2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി ജില്ലാ പോലീസ് ഓഫീസ്, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16/03/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/04/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05/05/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/06/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17/06/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22/06/2020 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022- ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. വല്ലത്ത് മുകുന്ദ മേനോൻ 17/06/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 22/06/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 985(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ്റെ വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 16/03/2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 27/02/2020-ലെ D3-11116/2020/RC ആഫീസ് എഴുത്ത് പ്രകാരം ശ്രീ. മുരളീധരൻ എന്നയാളുടെ പാസ്പോർട്ട് ഇന്ത്യനാണോ ശ്രീലങ്കനാണോ എന്നും കാലാവധി എന്നുവരെയെന്നും വിസ നൽകിയിട്ടുള്ളതാരാണെന്നും ആവശ്യം എന്തെന്നും കാലാവധി എന്നുവരെയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 15.04.2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. 05/05/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജിയും സമർപ്പിക്കുകയും 04/06/2020-ന് ആയതിന് മറുപടി നൽകിയിട്ടുമുണ്ട്.

5. 09/09/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. മുരളീധരൻ എന്നയാളുടെ വിസ, പാസ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ ആദ്യ അപേക്ഷയിൽ ആവശ്യപ്പെട്ടിരിന്നതെന്നും പ്രസ്തുത വിവരങ്ങൾ/രേഖകൾ വിവരാവകാശ നിയമം 2005-8(1)(j) വകുപ്പിൽ പറയുന്ന വ്യക്തിപരമായ വിവരങ്ങൾ ആയതിനാലും അവയ്ക്ക് ഏതെങ്കിലും പൊതു പ്രവർത്തനവുമായോ, പൊതു താൽപ്പര്യവുമായോ ബന്ധമുള്ളതായി ബോദ്ധ്യപെടാത്തതിനാലും, പ്രസ്തുത വിവരങ്ങളുടെ വെളിപ്പെടുത്തൽ ശ്രീ. മുരളീധരൻ എന്നയാളുടെ സ്വകാര്യതയിലേയ്ക്കുള്ള അനാവശ്യമായ കടന്നുകയറ്റമാകും എന്നുള്ളതിനാലും വിവരാവകാശ നിയമത്തിലെ 8(1)(j) വകുപ്പ് പ്രകാരവും കൂടാതെ സുപ്രീം കോടതിയുടെ SLP/27734/12 dated 03/10/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും അവ ലഭ്യമാക്കുവാൻ നിർവാഹമില്ലെന്നുള്ള വിവരം ആണ് പ്രസ്തുത മറുപടിയിൽ ടിയാന് ലഭ്യമാക്കിയിരുന്നത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും, പരിശോധിച്ചതിൽ ഹർജിക്കാരന്റെ രണ്ടാം അപ്പീലിലും ടിയാന്റെ വാദം വിവരാവകാശ നിയമത്തിന്റെ സംരക്ഷണത്തിനു ഭാരതീയനല്ലാത്തതിനാൽ ശ്രീ. മുരളീധരൻ അർഹനല്ല എന്നുള്ളതാണ്. വിവരാവകാശ നിയമത്തിലെ വകുപ്പ് 8–ലും, 9–ലും പ്രതിപാദിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തലിൽ നിന്നു ഒഴിവാക്കപ്പെട്ടവയാണ്. ഭാരതീയൻ അല്ലാത്തതിനാൽ ഇവ ബാധകമല്ലെന്നു ആക്ടിൽ പ്രതിപാദിച്ചിട്ടുമില്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ വെളിപ്പെടുത്തൽ ശ്രീ. മുരളീധരന്റെ സ്വകാര്യതയിലേയ്ക്കുള്ള അനാവശ്യമായ കടന്നു കയറ്റമാകും എന്നുള്ളതിനാൽ വിവരാവകാശ നിയമം 8 1(J) പ്രകാരവും, കൂടാതെ ബഹു. സുപ്രീംകോടതിയുടെ SLP/27734/12 dated 03/10/2012, ബഹു. ഡൽഹി ഹൈക്കോടതിയുടെ Union of India v. Anita Singh WP(C) 677/2013 dated 31/10/2013, Union of India v. R. Jayachandran WP(C) 3406/2012 dated 19/02/2014 ഉത്തരവുകളുടെ അടിസ്ഥാനത്തിലും, അവ നിരസിച്ചുകൊണ്ടുള്ള അപ്പീൽ അധികാരിയുടെ 04/06/2020–ലെ ഉത്തരവ് കമ്മീഷൻ അംഗീകരിച്ചു കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 28–ാം തീയതി നിരസിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

AV